8

# ആത്മിയ വളർച്ച പ്രോത്സാഹിപ്പിക്കൽ

## (1:15, 16)

1960 കളിൽ, സൈമൺ എന്ന ആളും ഗാർഫങ്കൽ എന്ന ആളും ചേർന്നു ഒരു തലമുറയെ ആകർഷിക്കുന്ന വിധത്തിൽ സ്വരച്ചേർച്ചയുള്ള വാക്കുകൾ റിക്കോർഡ് ചെയ്തു. അവരുടെ പാട്ടുകളിൽ "സൗണ്ട്സ് ഓഫ് സൈലൻസ്," "ബ്രിഡ്ജ് ഓവർ ട്രബിൾഡ് വാട്ടർ," എന്നിവയും മറ്റും ഉൾപ്പെടുന്നുണ്ട്. ഒരു പാട്ട് വ്യക്തിയെ വിശേഷിപ്പിക്കുന്ന കീർത്തനമാണ്. ഗീതമാണ്. പോൾ സൈമൺ താഴെ കൊടുത്തിരിക്കുന്ന വരികൾ എഴുതി:

> ഞാനൊരു പാറ, ഞാനൊരു ദ്വീപു.
> എന്നാൽ പാറക്കു വേദന തോന്നുകയില്ല,
> ഒരു ദ്വീപു ഒരിക്കലും നിലവിളിക്കയുമില്ല.

അയാളുടെ വാക്കുകൾ ഉയർത്തുന്നത് ആ കാലത്തെ സ്വാതന്ത്ര്യ മനോഭാവത്തെയായിരുന്നു. കോപാകുലരായ വ്യക്തികളെ നാം നായകന്മാരാക്കിയിട്ടുണ്ട്. ഇതു ഫിലിം സ്റ്റാറുകളായ ക്ലിന്റ് ഈസ്റ്റുവുഡ്, ചാൾസ് ബ്രോൺസൺ, സ്റ്റിവെൻ സേഗൽ, സിൽവെസ്റ്റർ സ്റ്റാലൻ എന്നിവരുടെ സിനിമകളിൽ വ്യക്തമാണ്. വിചിത്ര മനുഷ്യർക്കെതിരായി, ചെയ്യേണ്ടതു മാത്രം ചെയ്യുന്ന ഒരു മനുഷ്യന്റെ വിഷയം, പലരേയും ആകർഷിക്കുന്നു.

"എനിക്ക്" എന്ന തലമുറ വന്നിരിക്കുന്നു. നമുക്ക് ഇഷ്ടമുള്ള വാക്കുകൾ "ഞാൻ," "എന്നെ," "എന്റെ" എന്നിവയാണ് - അല്ലാതെ "ഞങ്ങളുടെ," "നമ്മുടെ," "നമുക്ക്" എന്നിവയല്ല.

ഇതിന്റെ എല്ലാം മദ്ധ്യേ ആണ് സഭ കാണപ്പെടുന്നത്. ഇടവകകളിൽ കൂടി വന്ന ആളുകളെ "എനിക്ക്" എന്ന തലമുറയുടെ ഉപദേശം സ്വാധീനിച്ചിട്ടുണ്ട് എന്നത്, താഴെ കൊടുത്തിരിക്കുന്ന വിവരണത്തിൽ വ്യക്തമാണ്:

> സഭയിലേക്കു പ്രവേശിക്കുന്ന ആളുകളിൽ അധികവും കൂട്ടായ രീതിയിൽ ഇന്നു ചിന്തിക്കുന്നില്ല എന്നു പറയട്ടെ. ആശ്രയത്വം, നാം ശീലിച്ചിട്ടുള്ളത്, ബലഹീനതയാണ്; കണക്കുകൊടുക്കൽ അടിമത്വമാണ്; കീഴ്പ്പെടൽ അന്തസു കുറയ്ക്കുന്നതാണ്. ഒരു കൂട്ടത്തെ ഉത്തേജിപ്പിക്കുവാൻ സ്വയം ത്യജിക്കുന്ന ആശയം തന്നെ ആധുനിക മനസിനു അന്യമാണ്. ...
>
> ... സഭാംഗങ്ങളിൽ അധികവും ഞായറാഴ്ച്ച - പോയി - കൂടി വരുന്നതിൽ ഒതുങ്ങി നില്ക്കുന്ന വ്യക്തികളാണ്. അപ്പോഴും അവർ "എനിക്ക്" എന്ന രീതി

യിൽ ചിന്തിക്കുകയാണ്. അവർ എടുക്കുന്ന തീരുമാനം പലപ്പോഴും കൂട്ടത്തിന്റെ നന്മയെ കരുതി ആയിരിക്കയില്ല, മറിച്ചു വ്യക്തിപരമായ ഇഷ്ടത്തെയും മൂല്യത്തെയും കണക്കാക്കിയായിരിക്കും. മിക്ക ആധുനിക ക്രിസ്ത്യാനികളും, ചിലരുടെ ആവശ്യം അല്ലെങ്കിൽ ചുരുങ്ങിയത് ഒരാളുടെ ആവശ്യത്തെക്കാൾ അനേകരുടെ ആവശ്യങ്ങളെ വലുതായി അവരുടെ മനസിൽ കാണുന്നില്ല.[1]

"എനിക്ക്" എന്ന തലമുറയുടെ ചരിത്രം നോക്കിയാൽ നമ്മുടേതല്ല ആദ്യ തലമുറ. അന്യോന്യം കരുതേണ്ട ആവശ്യത്തെ കുറിച്ചു പൗലൊസ് അന്നത്തെ ക്രിസ്ത്യാനികളെ ഇടയ്ക്കിടക്ക് ഓർമ്മിപ്പിക്കുന്നുണ്ട്. അവന്റെ എഴുത്തുകളിൽ പരസ്പരം സ്നേഹിക്കേണ്ടതിനെയും, പരസ്പരം ദയ കാണിക്കേണ്ടതിനെയും, പരസ്പരം പ്രബോധിപ്പിക്കേണ്ടതിനെയും ഉൾപ്പെടുത്തി ആവശ്യപ്പെട്ടിട്ടുണ്ട്. പുരാതന ലോകത്തെ വലിയ പട്ടണങ്ങളിൽ പൗലൊസ് പ്രവർത്തിച്ചിട്ടുണ്ട് - ഫിലിപ്പിയ, കൊരിന്ത്, എഫെസൊസ്, റോമ, തെസലൊനിക്യ മുതലായ പട്ടണങ്ങൾ. പ്രാഥമികമായി അവൻ ദ്വീപുകളിൽ നിന്നു വളരെ വ്യത്യസ്തമായ പട്ടണങ്ങളിലെ പരിഷ്കൃത ചുറ്റുപാടിലുള്ള ക്രിസ്ത്യാനികളുമായി ബന്ധപ്പെട്ടിരുന്നു.

നമ്മെപ്പോലെ, ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളും ഒന്നായിരിക്കേണ്ടതിന്റെ മൂല്യം നന്നായി പഠിക്കേണ്ടിയിരുന്നു. അവർ കൂട്ടായ്മയെ കുറിച്ചും, പരസ്പരം കരുതുന്നതിനെ കുറിച്ചും, സ്വന്തം ആവശ്യങ്ങളേക്കാൾ സംഘത്തിന്റെ ആവശ്യങ്ങൾ മുൻപിൽ കാണുന്നതിനെ കുറിച്ചും പഠിക്കേണ്ടിയിരുന്നു. നമ്മെപ്പോലെ തന്നെ, സമൂഹത്തിൽ എങ്ങനെ ജീവിക്കണമെന്നും സഹോദരന്മാരുമായി എങ്ങനെ ബന്ധങ്ങൾ പങ്കുവയ്ക്കണമെന്നും ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളും അജ്ഞരായിരുന്നു.

പട്ടണത്തിലെ ക്രിസ്ത്യാനികളോടെന്ന രീതിയിലാണ് പൗലൊസ് എഴുതിയത്. അവർ ജീവിച്ചിരുന്നതു വലിയ തലസ്ഥാന കേന്ദ്രങ്ങളിലും, ലോകത്തിലെ വലിയ പട്ടണങ്ങളിലും ആയിരുന്നു. ക്രിസ്തുവിന്റെ ശരീരമായി എങ്ങനെ ജീവിക്കണമെന്നു അവർ പഠിക്കേണ്ടിയിരുന്നു.

ഉദാഹരണമായി, റോമയിലെ ക്രിസ്ത്യാനികൾ സഹോദര പ്രീതിയിൽ ഉറ്റിരിക്കുവാൻ പഠിക്കേണ്ടിയിരുന്നു (റോമർ 12:10). അവർ തങ്ങളേക്കാൾ മറ്റുള്ളവരെ ബഹുമാനിക്കണമെന്നു പൗലൊസ് പറഞ്ഞിരുന്നു (റോമർ 12:10), അന്യോന്യം സ്വരച്ചേർച്ചയോടെ ജീവിക്കണം എന്നും പറഞ്ഞിരുന്നു (റോമർ 12:16), അന്യോന്യം വിധിക്കരുത് എന്നും മുന്നറിയിച്ചിരുന്നു (റോമർ 14:13), അന്യോന്യം സ്വീകരിക്കയും വേണം (റോമർ 15:7). "അന്യോന്യം ആത്മിക വർദ്ധനെക്കും സമാധാനത്തിനും ഉള്ളത് കരുതിക്കൊൾക" (റോമർ 14:19) എന്നും അവൻ പറഞ്ഞിരുന്നു.

കൊരിന്തിലെ വ്യവസായ മേഖലയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ കൂട്ടായ്മ മേശക്കായി കൂടി വരുമ്പോൾ അന്യോന്യം കാത്തിരിക്കേണ്ടിയിരുന്നു (1 കൊരിന്ത്യർ 11:33). പക്ഷം ചേർന്നു ഭിന്നിപ്പുണ്ടാക്കരുത് എന്നു പൗലൊസ് അവരെ പഠിപ്പിച്ചു, അതേ സമയം എല്ലാവരേയും ഒരേ പോലെ കാണണമെന്നും പറഞ്ഞു (1 കൊരിന്ത്യർ 12:25).

മറ്റൊരു വലിയ പട്ടണമായിരുന്ന, തെസലൊനിക്യയിലുള്ളവരോടു, അന്യോന്യം സ്നേഹിക്കുവാൻ പൗലൊസ് ആവശ്യപ്പെട്ടു (1 തെസലൊനിക്യർ 4:9). അന്യോന്യം ആശ്വസിപ്പിക്കുവാൻ അവൻ അവരോടു നിർദ്ദേശിച്ചു (1 തെസ

ലൊനിക്യർ 4:18) അന്യോന്യം ആത്മികവർദ്ധനവു വരുത്തുവാനും പറഞ്ഞു (1 തെസലൊനിക്യർ 5:11). അവൻ പറഞ്ഞു, "... തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പിൻ" (1 തെസലൊനിക്യർ 5:15).

അന്യോന്യം ദീർഘക്ഷമ കാണിക്കുവാനും, സൗമ്യതയിലും സ്നേഹത്തിലും അന്യോന്യം പൊറുക്കയും ചെയ്വിൻ എന്നു പൗലൊസ് എഫെസൊസിലെ ക്രിസ്ത്യാനികളോടു പറഞ്ഞു (4:2, 32). അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ എന്നും അവൻ അവരോടു പറഞ്ഞു (5:21).

ദൈവജനമായ ഒരു പുതിയ സമൂഹമായി എങ്ങനെ ജീവിക്കുവാൻ പഠിക്കണമെന്നു പൗലൊസ് ക്രിസ്ത്യാനികളോടു പറഞ്ഞതാണ് യഥാർത്ഥത്തിൽ ഇന്നു സഭ കേട്ടു പഠിക്കേണ്ടത്. പൗലൊസ് സഹക്രിസ്ത്യാനികളോടു കാണിച്ച വ്യക്തിപരമായ മാതൃകാ സ്വഭാവം തന്നെയാണ് നാമും പിൻപറ്റേണ്ടത്. അതു നമ്മുടെ ചെറിയ ലോകത്തിൽ നിന്നു പുറത്തു കടക്കുവാനും മറ്റുള്ളവരുടെ ജീവിതവുമായി പങ്കിടുവാനും സഹായിക്കും.

ഒരു നിമിഷം പൗലൊസിന്റെ മാതൃക ഒന്നു ചിന്തിക്കുക. വർഷം ഏ.ഡി. 60 ആയിരുന്നു. അവൻ റോമിൽ വീട്ടു തടങ്കലിൽ ആയിരുന്നു, അതു തനിക്കു പരിചയമുണ്ടായിരുന്ന എഫെസൊസിലെ ക്രിസ്ത്യാനികളിൽ നിന്നു മൈലുകൾ അകലെയുമായിരുന്നു. ഒരിക്കൽ അവൻ എഫെസൊസിൽ മൂന്നു വർഷം ചെലവിട്ടു - ഉപദേശിച്ചു, ശുശ്രൂഷിച്ചു, സഭയ്ക്കു ആത്മിക വർദ്ധന വരുത്തിയും പോന്നു. എങ്ങനെയായാലും, അവൻ ആ പട്ടണം കണ്ടിട്ടു നാലു വർഷം കഴിഞ്ഞിരുന്നു.

തടവു, പ്രതിസന്ധികൾ, ദൂരം, സമയം കടന്നു പോകൽ - ഇവയൊന്നും പൗലൊസിന്റെ മനസ്സിൽ നിന്നു എഫെസ്യയിലെ സഹോദരന്മാരെ കുറിച്ചുള്ള കരുതൽ മങ്ങുവാനിടയാക്കിയില്ല. മറ്റുള്ളവരുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ ഒഴിവാക്കി തന്റെ സ്വന്തം പ്രശ്നങ്ങളിൽ ശ്രദ്ധ പതിപ്പിക്കുവാൻ സാഹചര്യങ്ങളെ അവൻ അനുവദിച്ചില്ല.

എഫെസൊസിൽ നിന്നു ഒരു ക്രിസ്ത്യാനി ഒരു ദിവസം ആ വഴി വന്നു. അവൻ റോമിൽ വച്ച് പൗലൊസിനെ കണ്ടു. പൗലൊസ് അവനെ കണ്ടപ്പോൾ, അവൻ അവിടെയുള്ള സഭയെ കുറിച്ചു കേൾക്കുവാനാണ് ആദ്യം ആഗ്രഹിച്ചത്. അവിടെയുള്ള ആളുകൾക്ക് എങ്ങനെയുണ്ട്? അവർക്കിടയിൽ എന്തെല്ലാം സംഭവിച്ചു? അവർ ഇപ്പോഴും ദൈവജനമായി കൂടി വരുന്നുണ്ടോ?

അവനു ലഭിച്ച വിവരങ്ങൾ ഉത്തേജിപ്പിക്കുന്നതായിരുന്നു. അവന്റെ ഹൃദയം തുടിച്ചു. നാം വായിക്കുന്നു, "അതു നിമിത്തം ഞാനും, നിങ്ങൾക്കു കർത്താവായ യേശുവിലുള്ള വിശ്വാസത്തെയും, സകല വിശുദ്ധന്മാരോടുമുള്ള സ്നേഹത്തെയും കുറിച്ചു കേട്ടിട്ടു, നിങ്ങൾക്കുവേണ്ടി ഇടവിടാതെ സ്തോത്രം ചെയ്തു, എന്റെ പ്രാർത്ഥനയിൽ നിങ്ങളെയോർത്തും കൊണ്ടു" (1:15, 16).

നിങ്ങൾ ആ ചിത്രം കാണുന്നുണ്ടോ? എഫെസ്യ സഹോദരന്മാരിൽ നിന്നു മൈലുകൾ അകലെ, പൗലൊസ് തടവിലായിരുന്നു. നീണ്ട നാലു വർഷമായി അവരുടെ മുഖം പൗലൊസ് കണ്ടിട്ട് എങ്കിലും, അവൻ അവരെ കുറിച്ചു കരുതിയിരുന്നു. ഈ പാഠം പഠിക്കുവാൻ പൗലൊസ് നമ്മെ സഹായിക്കുന്നു: *ക്രിസ്ത്യാനികൾ അന്യോന്യം ആത്മിക - ക്ഷേമത്തെ കുറിച്ചു കരുതുമ്പോൾ അവർ ദൈവത്തെ പ്രസാദിപ്പിക്കുന്നു.*

തന്റെ ജനം ഒറ്റപ്പെട്ടു കഴിയുവാൻ യേശു ആഗ്രഹിക്കുന്നില്ല. നാം അന്യോന്യം ശുശ്രൂഷിക്കുന്ന ഒരു കൂട്ടമാകുവാനാണ് അവൻ ആഗ്രഹിക്കുന്നത്. മറ്റു

ള്ളവർ ആത്മിയമായി വളരുന്നതു കാണുവാനുള്ള താല്പര്യവും, കരുതലും, ആഗ്രഹവും എങ്ങനെ വളർത്തണമെന്ന് പൗലൊസ് കാണിച്ചിരിക്കുന്നു.

**മറ്റുള്ളവരുടെ ആത്മിയ വളർച്ചയെ**
**പൗലൊസ് വിസ്മയത്തോടെ കണ്ടിരുന്നു**

എഫെസൊസിലെ ക്രിസ്ത്യാനികളെ കുറിച്ചു ലഭിച്ച വിവരങ്ങൾ പൗലൊസിനെ ആഹ്ലാദഭരിതനാക്കി. ദൈവജനത്തിനു ഉണ്ടായിരിക്കേണ്ട ഉചിതമായ നേർമ്മ അവർ നിലനിർത്തിയിരിക്കുന്നു. ആദ്യമായി, *അവർ കർത്താവായ യേശുവിനോടു ഭക്തി കാണിച്ചിരുന്നു.* പൗലൊസ് എഴുതി, "ഞാനും ... കർത്താവായ യേശുവിലുള്ള നിങ്ങളുടെ വിശ്വാസത്തെ കേട്ടിട്ട്, ..." (1:15). അവർ യേശുവിൽ അവരുടെ ആശ്രയം അർപ്പിക്കുവാനും, അവരുടെ ജീവിതം നയിക്കുവാനും, അവരുടെ പ്രത്യാശ വെക്കുവാനും തയ്യാറായിട്ടാണ് വന്നതു. അവർ അവന്റെ അടുക്കൽ വന്നതു "യേശു" എന്ന നാമം അർത്ഥമാക്കുന്ന, രക്ഷകൻ ആയതുകൊണ്ടു മാത്രമല്ല, എന്നാൽ അവനെ കർത്താവായി സ്വീകരിച്ചതു കൊണ്ടും ആയിരുന്നു. അവർ തങ്ങളുടെ ജീവിതം അവനു കീഴ്പ്പെടുത്തി, അനുസരണയോടെ, അവനെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുകയായിരുന്നു. അവർ അവരുടെ ദൈനന്തിന തീരുമാനങ്ങൾ എടുത്തത് ദൈവത്തിനു മഹത്വം കൊടുക്കുന്ന വിധത്തിലായിരുന്നു.

കുറച്ചു നാളുകൾക്കു മുൻപു, എന്റെ മാതൃസഭയിൽ, ഒരു പ്രായമുള്ള മനുഷ്യൻ യേശുവിനെ അനുസരിച്ചു കടന്നുവന്നു. അയാളുടെ മുടി നരച്ചതായിരുന്നു, പക്ഷെ അയാളുടെ ഹൃദയം ഒരു കുട്ടിയെ പോലെ കർത്താവിൽ ആശ്രയമുള്ളതായിരുന്നു. സ്നാനമേല്ക്കുവാൻ അത്തരം ഒരാളോടു കൂടെ വെള്ളത്തിൽ നില്ക്കുന്നതു പോലെയും, സ്നാനത്താൽ, പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പുതിയ ജീവിതം തുടങ്ങുന്നു എന്ന ചിന്ത അയാളുമായി പങ്കിടുന്നതു പോലെയും മറ്റൊന്നുമില്ല.

കൂടുതൽ ആവേശഭരിതമാക്കുന്നതെന്താണെന്നു നിങ്ങൾക്ക് അറിയാമോ? അതു ദൈവമക്കളെ യേശു മാറ്റുന്നതു കാണുന്നതാണ്. മറ്റുള്ളവരുടെ ജീവിതത്തിൽ യേശുവിനോടുള്ള ഭക്തിയാലുള്ള പ്രശംസ വളരുന്നതു കാണുമ്പോൾ അവനിലുള്ള ആത്മാർത്ഥത നാം ഒരിക്കലും അവസാനിപ്പിക്കരുതെന്നു പൗലൊസ് നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ചെറിയ ലോകത്തിൽ നാം ഒതുങ്ങി കഴിഞ്ഞാൽ നമുക്ക് അതു നഷ്ടമാകും.

എഫെസ്യർക്കു യേശുവിനോടു ഭക്തി ഉണ്ടായിരുന്നത് കൂടാതെ, *അവർക്ക് എല്ലാ സഹോദരന്മാരോടും സ്നേഹവും ഉണ്ടായിരുന്നു.* പൗലൊസ് തുടരുന്നു, "... സകല വിശുദ്ധന്മാരോടുമുള്ള നിങ്ങളുടെ സ്നേഹത്തെയും" (1:15). സ്നേഹത്തിന് എതിരായതാണ് ഒരു പാറയായി തീർന്ന് അല്ലെങ്കിൽ ഒരു ദ്വീപായി തീർന്ന്, മറ്റുള്ളവരുടെ കരുതൽ ലഭിക്കാതെ ഒറ്റപ്പെടുന്നതു. നാം വായിക്കുന്നു, "അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചു കൊടുത്തതിനാൽ, നാം സ്നേഹം എന്ത് എന്നറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചു കൊടുക്കേണ്ടതാകുന്നു" (1 യോഹന്നാൻ 3:16).

എങ്ങനെ അത്തരം സ്നേഹം പ്രകടിപ്പിക്കണമെന്നു ക്രിസ്ത്യാനികൾ പഠിക്കുമ്പോൾ, അതു നമ്മുടെ ഉള്ളം സന്തോഷിപ്പിക്കും. അതിനർത്ഥം അവർ ആത്മിയമായി വളരുകയാണ്. അവർ യേശുവിനെ പോലെ ആകുന്നു. അവർ അവന്റെ സാദൃശ്യത്തെയാണ് പ്രദർശിപ്പിക്കുന്നത്. അവൻ അവരിൽ

ജീവിക്കുന്നു.

ഈ സ്നേഹം *സകല* വിശുദ്ധന്മാർക്കും ഉള്ളതാണ്. അതു പക്ഷപാതം കാണിക്കുന്നതിനെയും, നമുക്ക് എന്തെങ്കിലും ചെയ്തവരെ സ്നേഹിക്കുന്നതിനെയും, അല്ലെങ്കിൽ നമുക്ക് ഇഷ്ടമുള്ളവരോടു കൂട്ടായ്മ ആചരിക്കുന്നതിനെയും കവിയുന്നതാണ്. *സകല* വിശുദ്ധന്മാരെയും ഈ രീതിയിൽ സ്നേഹിക്കുന്ന ഒരു സഹോദരനെയോ സഹോദരിയെയോ കാണുമ്പോഴെല്ലാം നാം ദൈവത്തെ വാഴ്ത്തണം.

### മറ്റുള്ളവരുടെ ആത്മീയ വളർച്ചക്കു പൗലൊസ് പ്രാർത്ഥിച്ചിരുന്നു

എഫെസ്യരുടെ വിശ്വാസത്തെയും സ്നേഹത്തെയും കുറിച്ചു കേട്ടിട്ട്, പൗലൊസ് എഴുതി, "[ഞാൻ] നിങ്ങൾക്കുവേണ്ടി ഇടവിടാതെ സ്തോത്രം ചെയ്തു, എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തു" (1:16). പൗലൊസ് രണ്ടു സത്യങ്ങൾ മനസ്സിലാക്കി. ഒന്ന്, ക്രിസ്ത്യാനികൾ അന്യോന്യം പ്രാർത്ഥിക്കുന്നതും ആത്മിക വളർച്ചയും തമ്മിലുള്ള ബന്ധം അവൻ അറിഞ്ഞിരുന്നു. രണ്ടാമത്, അന്യോന്യം ഇടവിടാതെ പ്രാർത്ഥിക്കേണ്ട ആവശ്യത്തെയും അവൻ അറിഞ്ഞിരുന്നു.

ഇതേ ലേഖനത്തിൽ പിന്നീട്, ക്രിസ്ത്യാനികൾ ആത്മിയ യുദ്ധത്തിൽ ഉൾപ്പെട്ടിരിക്കുന്നതായി സഹോദരന്മാരെ ഓർമ്മിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവാനും അവൻ അവരെ ഉത്തേജിപ്പിക്കുന്നുണ്ട്. ശരിയായ ആയുധം ഇല്ലാതെ ഒരു പടയാളിക്ക് പോരാടുവാൻ സാധ്യമല്ല. പ്രാർത്ഥനയ്ക്കു ഊന്നൽ കൊടുത്തുകൊണ്ട് പൗലൊസ് ലേഖനം അവസാനിപ്പിക്കുന്നു: "സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, അതിനായി ജാഗരിച്ചുംകൊണ്ടു, സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ" (6:18).

അന്യോന്യമുള്ള പ്രാർത്ഥനയും ആത്മിയ വളർച്ചയും തമ്മിലുള്ള ബന്ധം പൗലൊസ് മനസ്സിലാക്കി. മുൻഗണന വെച്ചുകൊണ്ട് അവൻ സഹോദരന്മാർക്കുവേണ്ടി വ്യക്തിപരമായി പ്രാർത്ഥിച്ചു. ക്രിസ്ത്യാനികളുടെ ആത്മിയ -ക്ഷേമവും പ്രാർത്ഥനയും തമ്മിലുള്ള ശക്തമായ ബന്ധം അവനു അറിയാമായിരുന്നു.

സഹോദരന്മാരുടെ മദ്ധ്യേയുള്ള ഇത്തരം പ്രാർത്ഥനയെ കുറിച്ചു ജീൻ ജെറ്റ്സ് ഇപ്രകാരം പറഞ്ഞു:

> മറ്റു കാര്യങ്ങളിൽ നമ്മെ തിരക്കുള്ളവരാക്കുക എന്നതാണ് സാത്താന്റെ തന്ത്രത്തിന്റെ ഒരു ഭാഗം - അതും നല്ല കാര്യങ്ങളിൽ - അതു പ്രാർത്ഥനയെ നാം തൽസ്ഥാനത്തു സമർപ്പിക്കാതെയിരിക്കേണ്ടതിനാണ്. അതൊരു സ്വാഭാവിക പ്രവണതയാണ്, പ്രത്യേകിച്ചു കാര്യങ്ങളെല്ലാം സുഗമമായി പോകുമ്പോൾ. എന്നാൽ പ്രാർത്ഥനക്കു ദൈവം ഉയർന്ന പരിഗണന നല്കിയിരിക്കുന്നതായി തിരുവെഴുത്ത് വ്യക്തമാക്കുന്നു. പ്രാർത്ഥന മുടക്കുകയോ പ്രാർത്ഥിക്കാതിരിക്കയോ ചെയ്യുമ്പോൾ, സാത്താൻ സഭയെ ഉപദ്രിക്കുവാൻ ശ്രമിക്കുന്നത്, പ്രത്യേകിച്ചു ഐക്യതയെ തകർത്തുകൊണ്ടാണ്.[2]

ഇവയെല്ലാം ഒന്നിച്ചു ചേർത്താൽ ജീവിതത്തിൽ മൂന്നു പാഠങ്ങൾ

കാണാം. (1) *നാം അന്യോന്യം നിരന്തരമായി പ്രാർത്ഥിക്കുന്നതുവരെ നമ്മിൽ ആരും ആത്മിയ ശക്തി നേടുന്നില്ല.* മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ആത്മിയ പക്വത സൂചിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നു. (2) *നാം അന്യോന്യം നിരന്തരമായി പ്രാർത്ഥിക്കുന്ന സഭയാകുന്നതുവരെ കുടുംബമായ സഭ ആത്മിയ ശക്തി പ്രാപിക്കയില്ല.* നാം ഇതു പ്രായോഗികമാക്കണം. സഭാകുടുംബങ്ങൾ ആയി അന്യോന്യം പ്രാർത്ഥിക്കുവാൻ നാം പദ്ധതി ഒരുക്കണം. നാം കൂടി വരുമ്പോൾ അന്യോന്യം പ്രാർത്ഥിക്കുന്നതിന് പ്രാധാന്യം കൊടുക്കുകയും അന്യോന്യം പ്രാർത്ഥിക്കുവാനുള്ള അവസരം നല്കുകയും വേണം. (3) *ആളുകൾ പ്രാർത്ഥനക്കു മുൻഗണന കൊടുക്കാതെ ഒരിക്കലും അന്യോന്യം ആളുകൾ നിരന്തരമായി പ്രാർത്ഥിക്കുകയില്ല.*

### ഉപസംഹാരം

II-ാം ലോകമഹായുദ്ധകാലത്ത് ഒരു ജാഗ്രതാ പാളയത്തിൽ വെച്ചു വിക്ടർ ഫ്രാങ്കിൾ തടവിലാക്കപ്പെട്ടു. അവനെ പിടിച്ചവർ അവനിൽ നിന്നു എല്ലാം കവർന്നെടുത്തു - അവന്റെ പുസ്തകങ്ങൾ, വിലയുള്ള വസ്തുക്കൾ, അവന്റെ കുടുംബമടക്കം. എങ്ങനെയെങ്കിലും ജീവിക്കണം എന്ന കഠിന തീരുമാനം അല്ലാതെ, അവനു ജീവിക്കുവാൻ ഒന്നുമില്ലായിരുന്നു.

ആ പാളയത്തിലെ പലരും ഉപേക്ഷിക്കപ്പെടുകയും മരിക്കുകയും ചെയ്തു. വേറെ ചിലർ ഫ്രാങ്കിളിന്റെ അടുത്ത് വന്നു കഷ്ടത സഹിക്കുന്നതിൽ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാൻ പറഞ്ഞു. അവസാനം ഫ്രാങ്കിൾ അങ്ങനെ ചെയ്തു. സ്ഥിരോത്സാഹം ഉള്ളവരാകുവാൻ അയാൾ ആളുകളോടു പറഞ്ഞു. അവർക്ക് അടുത്ത ദിവസം കുടിക്കുവാൻ സൂപ്പു കിട്ടുമ്പോൾ, അതിലൊരു കപ്പലണ്ടി കാണും എന്ന് അവൻ അവരെ ഓർമ്മിപ്പിച്ചു. അതൊരു നേരിയ പ്രത്യാശ ആയിരുന്നു, ഫ്രാങ്കിളിന് നല്കുവാൻ കഴിഞ്ഞിരുന്നതും അതു മാത്രമായിരുന്നു.

എന്തു സംഭവിച്ചു എന്നു നിങ്ങൾക്ക് അറിയാമോ? പ്രസംഗങ്ങളിൽ നിന്നെല്ലാം അധികം പ്രോത്സാഹനവും ലഭിച്ചത് ഫ്രാങ്കിളിനായിരുന്നു. അയാൾ മറ്റുള്ളവർക്കു നല്കിയതു, അയാൾ തനിക്കു തന്നെ നല്കുകയായിരുന്നു.

ക്രിസ്തുവിൽ നാം അന്യോന്യം നല്കുന്നത്, നാം നമുക്കു തന്നെ നല്കുകയാണ്. നിങ്ങൾ മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ചാൽ, നിങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടും. നിങ്ങൾ ആരെയെങ്കിലും സഹായിക്കുക, നിങ്ങൾ സഹായിക്കപ്പെടും. മറ്റൊരാളുടെ ഭാരം നിങ്ങൾ ഏറ്റെടുത്താൽ, നിങ്ങളുടെ ഭാരം ലഘൂകരിക്കപ്പെടും. മറ്റൊരു ക്രിസ്ത്യാനിയുടെ ആത്മിയ വളർച്ചക്കുവേണ്ടി പ്രാർത്ഥിച്ചാൽ, നിങ്ങൾ ആത്മിയമായി അനുഗ്രഹിക്കപ്പെടുന്നതു കാണാം.

---

കുറിപ്പുകൾ

[1]ജെയിംസ് ഹിങ്കിൾ ആന്റ് ടിം വുഡ്റൂഫ്, *എമങ് ഫ്രണ്ട്സ്: യു കാൻ ഹെൽപ് മെയ്ക്ക് യുവർ ചർച്ച് ഏ വാമെർ പ്ലെയിസ്* (കൊളൊറാഡോ സ്പ്രിങ്സ്, കൊളൊ.: നവ് പ്രെസ്, 1989), 82–83. [2]ജീൻ ഏ. ജെറ്റ്സ്, *പ്രേയിങ് ഫോർ വൺ അനദർ* (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1981), 15.